**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2778** **25-06-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം ജില്ലയിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി കോളനികളുടെ വികസന പ്രവൃത്തികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | സ്വയംപര്യാപ്ത ഗ്രാമം എന്ന പേരിൽ ഒരു പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. അംബേദ്കർ ഗ്രാമവികസന പദ്ധതി എന്ന പേരിലാണ് നിലവിൽ പട്ടികജാതി ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി പ്രവൃത്തികൾ വിലയിരുത്തുന്നതിനായി ജില്ലാ തലത്തിൽ ത്രൈമാസ അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. അതിനു പുറമേ ഡയറക്ടറേറ്റ് തലത്തിലും സർക്കാർ തലത്തിലും അവലോകന യോഗങ്ങൾ ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (ബി) | ഓരോ കോളനിയിലും നടപ്പാക്കിയ വികസന പ്രവൃത്തികളുടെ വിശദാംശങ്ങളും പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന വിശദാംശങ്ങളും നൽകാമോ? | (ബി) | MoU ഒപ്പിട്ട് ഒരു വർഷത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഓരോ പദ്ധതി പ്രദേശത്തും നടപ്പാക്കിയ വികസന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ഗ്രാമത്തിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | കൊടുവള്ളൂർക്കോണം അംബേദ്കർ ഗ്രാമം **(2021-22)** | റോഡ് കോൺക്രീറ്റിംഗ്, റോഡിന് സംരക്ഷണഭിത്തി നിർമ്മാണം, അംഗൻവാടി പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എളവൂർ തോടിന്റെ പുനരുദ്ധാരണ പ്രവത്തികൾ പുരോഗതിയിലാണ്. എളവൂർ തോടിന് കുറുകെയുള്ള പാലം നിർമ്മാണം, വീടുകൾക്ക് നടപ്പാത നിർമ്മാണം, വീടുകൾക്ക് സംരക്ഷണഭിത്തി നിർമ്മോണം, കിണർ പുനരുദ്ധാരണം, ഫൂട്ട്പാത്ത് നിർമ്മാണം, റാംപ് പുനരുദ്ധാരണം, റോഡ് സൈഡ് കോൺക്രീറ്റിംഗ്, റീട്ടെയിനിംഗ് വാൾ നിർമ്മാണം, ഹാന്റ് റെയൽ പുനരുദ്ധാരണം എന്നീ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. |
| 2. | പയറ്റിച്ചേരി അംബേദ്കർ ഗ്രാമം (2021-22) | വീടുകൾക്ക് സംരക്ഷണഭിത്തി നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റാംപ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യ പഠന കേന്ദ്ര നിർമ്മാണം, കോമ്പൗണ്ട് വാൾ, റീട്ടെയിനിംഗ് വാൾ, റോഡ് നിർമ്മാണം, സൈഡ് വാൾ നിർമ്മാണം, സൈഡ് വാളിന്റെ ഉയരം വർദ്ധിപ്പിക്കൽ, റാംപ് കോൺക്രീറ്റിംഗ്, ഫുട്ട്പാത്ത് കോൺ ക്രീറ്റിംഗ് ,നടപ്പാതയ്ക്ക് സൈഡ് വാൾ നിർമ്മാണം, റീ കോൺക്രീറ്റിംഗ്, ബ്രിഡ്ജ് കൺ സ്ട്രക്ഷൻ , ഇലക്ട്രിക് പോസ്റ്റ്, കണക്ഷൻ, സ്റ്റീൽ അലമാര, സ്റ്റീൽ ടേബിൾ, പ്ലാസ്റ്റിക് കസേര അനുവദിക്കൽ, ഇലക്ട്രിഫിക്കേഷൻ വർക്കുകൾ എന്നിവ ആരംഭിച്ചിട്ടില്ല. |
| 3. | മുക്കുട് ജയന്തി അംബേദ്കർ ഗ്രാമം (2021-22) | കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. സ്റ്റേജ് പുനരുദ്ധാരണ പ്രവത്തികൾ ആരംഭിക്കാനുണ്ട് |
| 4. | ഇടക്കുന്നം അംബേദ്കർ ഗ്രാമം (2021-22) | ഫൂട്ട്പാത്ത് കോൺക്രീറ്റിംഗ്, വീടുകളിലേക്കുള്ള സ്റ്റെപ്പ് നിർമ്മാണം, നിലവിലുള്ള റോഡ് കോൺക്രീറ്റിംഗ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 22 വീടുകൾ നവീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 5 എണ്ണം പുരോഗതിയിലാണ്. 9 വീടുകൾക്ക് വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. റോഡ് പാച്ച് വർക്ക്, പുരോഗതിയിലാണ്. |
| 5. | ഇടയാടിമുക്ക്കം അംബേദ്കർ ഗ്രാമം (2021-22) | ഭവനപുനരുദ്ധാരണം, കരിങ്കൽക്കെട്ട് നിർമ്മാണം എന്നിവ പുരോഗതിയിലാണ്. കിണർ നവീകരണം, ഫൂട്ട്പാത്ത് കോൺക്രീറ്റിംഗ്. ഗ്രാമ കേന്ദ്രത്തിന് കമ്പ്യൂട്ടറും മറ്റു അനുബന്ധ ഉപകരണങ്ങളും നൽകൽ, ഇലക്ട്രിഫിക്കേഷൻ പ്ലംബിംങ് വർക്കുകൾ എന്നിവ ആരംഭിച്ചിട്ടില്ല. |
| 6. | ദർപ്പക്കാട് പുനയം അംബേദ്കർ ഗ്രാമം (2021-22) | ഭവന പുനരുദ്ധാരണം, കോമൺ ഫെസിലിറ്റി സെന്റർ ആന്റ് ലൈബ്രറി നിർമ്മാണം എന്നീ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. റോഡ് കോൺക്രീറ്റിംഗ്, റീട്ടെയിനിംഗ് വാൾ, റോഡ് നിർമ്മാണം, കരിങ്കൽക്കെട്ട് എന്നിവ ആരംഭിച്ചിട്ടില്ല. |

| | | |
|---|---|---|
| 7. | ചെങ്കൂർ പ്ലാങ്കുഴി അംബേദ്കർ ഗ്രാമം (2021-22) | ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈബ്രറി നവീകരണം, ടോയ്‌ലെറ്റ് മെയിന്റനൻസ്, കിണർ നവീകരണം എന്നിവ പുരോഗതിയിലാണ്. പൊതു കിണർ നവീകരണം, സ്റ്റെപ്പ് കോൺക്രീറ്റിംഗ്, റോഡ് കോൺക്രീറ്റിംഗ്, സൈഡ് വാൾ നിർമ്മാണം, വാട്ടർ കണക്ഷൻ, റോഡിന് ഹാന്റ് റൈൽ നിർമ്മാണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നിവ ആരംഭിച്ചിട്ടില്ല.<br><br>പഠന കേന്ദ്രത്തിന്റെ പുനരുദ്ധാരണം, കിണർ പുനരുദ്ധാരണം, ഫൂട്ട്പാത്ത് കോൺക്രീറ്റിംഗ് എന്നിവ ആരംഭിച്ചിട്ടില്ല. റോഡിന് സംരക്ഷണഭിത്തി നിർമ്മാണം എന്നിവ ആരംഭിക്കാനുണ്ട്. |
| 8 | കേശവപുരം ഐ.എച്ച്.ഡി.പി അംബേദ്കർ ഗ്രാമം (2021-22) | ഡ്രെയിനേജ് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. വീട്ടുകൾക്ക് സൈഡ് വാൾ കെട്ടൽ, കോൺക്രീറ്റ് റോഡ് നിർമ്മാണം, ഇറിഗേഷൻ വർക്കുകളുടെ നവീകരണം, റീ കോൺക്രീറ്റിംഗ് ഓഫ് റോഡ്, ഡ്രെയിനേജ് -നവീകരണവും ഉയർത്തലും, സോളാർ മിനിമാസ്റ്റ് ലൈറ്റ് എന്നിവ ആരംഭിക്കാനുണ്ട്. |
| 9 | പാവുമ്പ ആല്വവിള അംബേദ്കർ ഗ്രാമം (2021-22) | ഭവന പുനരദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമ കേന്ദ്രത്തിന്റെ പുനരദ്ധാരണം, റോഡിന് സംരക്ഷണഭിത്തി നിർമ്മാണം എന്നിവ ആരംഭിച്ചിട്ടുണ്ട്. വീട്ടുകൾക്ക് റീട്ടെയിനിംഗ് വാൾ നിർമ്മാണം, കോൺക്രീറ്റ് റോഡ് നിർമ്മാണം, ബ്രിക്ക് വർക്ക്, ഇന്റർലോക്ക് വർക്ക് എന്നിവ ആരംഭിച്ചിട്ടില്ല. |
| 10 | ജയന്തി അംബേദ്കർ ഗ്രാമം (2021-22) | എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. |
| 11 | കോവൂർ അംബേദ്കർ ഗ്രാമം (2021-22) | എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 12 | കൊമ്പേട്ടിമല അംബേദ്കർ ഗ്രാമം (2021-22) | എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 13 | ഓലപ്പാറ അംബേദ്കർ ഗ്രാമം (2021-22) | എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 14 | പൂക്കുന്നിമല അംബേദ്കർ ഗ്രാമം (2021-22) | ഏജൻസിയെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| 15 | നാല് സെന്റ് അംബേദ്കർ ഗ്രാമം (2021-22) | ഏജൻസിയെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| 16 | ലക്ഷം വീട് അംബേദ്കർ ഗ്രാമം (2021-22) | ഏജൻസിയെ നിശ്ചയിച്ചിട്ടില്ല. |
| 17 | പണയിൽ അംബേദ്കർ ഗ്രാമം (2021-22) | ഏജൻസിയെ നിശ്ചയിച്ചിട്ടില്ല. |